കൂടംകുളം 400 കെ. വി. വൈദ്യുതിലൈൻ

70 (410) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം 400 കെ.വി. വൈദ്യുതി ലൈൻ നിർദ്ദിഷ്ട പാതയിൽകൂടി വലിക്കാൻ ആക്ഷൻ കൗൺസിലുമായി സർക്കാർ എത്തിയ ധാരണകൾ എന്തെല്ലാമാണ് ; സർക്കാർ അംഗീകരിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത ധാരണകൾക്ക് ശേഷം വൈദ്യുതി ലൈൻ വലിക്കുന്നതിലുണ്ടായ പുരോഗതി വിശദമാക്കാമോ ;

(സി) പവർഗ്രിഡ് കോർപ്പറേഷനും സർക്കാരും നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്താണ്;

(ഡി) ടവർ ലൈൻ നിർമ്മാണം ഇന്നത്തെ നിലയിൽ ഏത് തീയതിക്കകം പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ റ്റ്റിൽ ലൈൻ വലിക്കുമ്പോൾ കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ ടി ലൈൻ റ്റ്റിലേക്കായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ടി ഉത്തരവ് പുറപ്പെടുവിച്ച ശേഷവും ദ്രുവടമകളുടെ എതിർപ്പുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനായിട്ടില്ല.

(സി) ഇടമൺ-കൊച്ചി 400 കെ.വി. റ്റ്റിലേക്കായിമാത്രം 19-8-2014-ലെ (എംഎസ്.) 27/14/ഊ.വ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും ആക്ഷൻ കൗൺസിൽ പ്രതിനിധികളുടെ അപേക്ഷ പ്രകാരം കൂടുതൽ ചർച്ചകൾക്കായി 4-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) റൈറ്റ് ഓഫ് വേ പ്രശ്നങ്ങൾ പരിഹരിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly